**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3166** **07-10-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിലും സംസ്ഥാനത്തിന് ആകെ എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേന്ദ്രസർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന പ്രധാൻമന്ത്രിജൻവികാസ് കാര്യക്രം എന്ന പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. ഈ കാലയളവിൽ പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ(തുക ലക്ഷത്തിൽ) ചുവടെ ചേർക്കുന്നു. |

| വർഷം | കേന്ദ്രസർക്കാർ അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കിയായ തുക |
|---|---|---|---|
| 2016-17 | 0 | 0 | 0 |
| 2017-18 | 546 | 546 | 0 |
| 2018-19 | 130.5 | 130.5 | 0 |
| 2019-20 | 1578.726 | 410.06 | 1168.66 |
| 2020-21 | 1299.096 | 1299.096 | 0 |
| 2021-22 | 5280.163 | 5280.163 | 0 |
| 2022-23 | 389.29 | 389.29 | 0 |
| 2023-24 | 0 | 0 | 0 |
| 2024-25 | 0 | 0 | 0 |

| | | | |
|---|---|---|---|
| (ബി) | കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കിയ ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തേണ്ട പദ്ധതികൾ ഏതെല്ലാമെന്നും വകയിരുത്തേണ്ട തുകയുടെ അനുപാതം എത്ര വീതമാണെന്നും ഇത് യഥാസമയം വകയിരുത്താറുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന കേന്ദ്ര സക്കാർ പ്രധാൻമന്ത്രിജൻവികാസ് കാര്യക്രം പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതമായും 40 ശതമാനം സംസ്ഥാന വിഹിതമായും തുക വകയിരുത്തുന്നു.ആയത് യഥാസമയം വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തേണ്ട പദ്ധതികളിൽ യഥാസമയം വിഹിതം വകയിരുത്താത്തതിനാൽ ഏതെങ്കിലും തരത്തിലുള്ള തുക ഈ കാലയളവിൽ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാന സർക്കാരിൻ്റെ വിഹിതം യഥാസമയം വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം വകയിരുത്താത്തതിനാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ